Mr. V. K. Aravindaksha Menon *(Chief Engineer)*:

(*a*) Yes.

(*b*) Two furlongs nearly.

(*c*) No regular estimate has been prepared for the work, as it is the intention of the Government to refer this work to the next Road Board for inclusion in the next Programme.

(*d*) Government are aware that there is some inconvenience.

KRISHNANKOTTA LINE—BUS TRAFFIC—INCONVENIENCES DUE TO IRREGULAR RUNNING

224. മിസ്റ്റർ ഒ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവു മറുപടി പറയുമോ.—

(എ) കൃഷ്ണങ്കോട്ട ലൈനിൽ എത്ര സർവ്വീസ്സു് ബസ്സുകൾ ഓടുന്നുണ്ടു്;

(ബി) ഫ്രീക്വൻസി മേടത്തിൽ മോട്ടോർ ബസ്സുകളുടെ അഭാവത്താൽ യാത്രക്കാർക്കു യാത്രാസൌകര്യമില്ലാതെ കഷ്ടപ്പെട്ടതായി ഗവൺമെണ്ടിനറിയാമോ;

(സി) ടി മാസത്തിൽ കുറെ ദിവസം പതിവുപ്രകാരം ഓടിയിരുന്ന ബസ്സു് കൃഷ്ണങ്കോട്ട ലൈനിൽ ഓടാതിരിക്കുന്നതിനുള്ള കാരണമെന്തു്?

റവ്വു ബഹദൂർ എം. നാരായണമേനോൻ: (എ) രണ്ടു്.

(ബി) ഇല്ല.

(സി) ഒരു ബസ്സിന്റെ ജി പെർമിറ്റു് കുറച്ചുദിവസം സസ്പെണ്ടിൽ ആയിരുന്നു.

COMPLAINT BY A TEACHER AGAINST BUS DRIVER & CONDUCTOR —ACTION TAKEN ON

225. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവു മറുപടി പറയുമോ.—

(എ) ഒരു സ്കൂൾമാസ്റ്ററുടെ കത്തുമൂലമുണ്ടായ ആക്ഷേപത്തിന്മേൽ ഒരു സർവ്വീസ്സു് ബസ്സിലെ ഡ്രൈവറുടേയും കണ്ടക്ടറുടേയും ലൈസൻസ്സുകളും മറ്റും അധികൃതന്മാർ വാങ്ങിച്ചു വക്കുകയുണ്ടായോ;

(ബി) ആ സംഗതിയിൽ ബസ്സു് ഉടമസ്ഥൻ, ഡ്രൈവർ, കണ്ടക്ടർ ഇവരുടെ മേൽ പിന്നീടു് എന്തെല്ലാം നടപടികളാണു് നടത്തിയതു്;

(സി) അവർ ഓരോരുത്തക്കും ഡിപ്പാർട്ടുമെണ്ടിൽനിന്നും കൊടുത്ത ശിക്ഷകൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ എം. നാരായണമേനോൻ: (എ) സംഭവം എത്ര കാല ത്താണെന്നും മറ്റുമുള്ള വിവരങ്ങൾ ചോദ്യത്തിൽനിന്നും വിശദമാവാത്തതിനാൽ ഉത്തരം പറയുവാൻ സാദ്ധ്യമല്ല.

(ബി) & (സി) മറുപടി ആവശ്യമില്ല.

MOTOR CASES IN 1114 & 1115 AND FINES REALISED

226. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഫ ഫ ഫ ര, ഫ ഫ ഫ ഒ ഈ കൊല്ലങ്ങളിൽ ഓരോ താലൂക്കിൽ ആകെ എത്ര ചാർജ്ജുകേസ്സുകൾ വീതം മോട്ടോർവാഹനങ്ങളെ സംബന്ധിച്ചു ഉണ്ടായിട്ടുണ്ടു്;

(ബി) ആവക കേസ്സുകളിൽ എല്ലാംകൂടി പിഴയായി ആകെ എത്ര സംഖ്യ ഗവർമ്മെണ്ടിലേക്കു കിട്ടീട്ടുണ്ടു്?

റാവു ബഹദൂർ എം. നാരായണമേനോൻ: (എ) ഫ ഫ ഫ ര, ഫ ഫ ഫ ഒ ഈ കൊല്ലങ്ങളിൽ മോട്ടോർവാഹനങ്ങളെ സംബന്ധിച്ചു് ഓരോ താലൂക്കിൽനിന്നും ഉണ്ടായ കേസ്സുകളുടെ ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix II).*

(ബി) ഫ ഫ ഫ ര-ൽ ആകെ ഉ, ഇരുന്നൂറു രൂപയും ഫ ഫ ഫ ഒ-ൽ ഉ, രൂന്നൂറു രൂപയും പിഴയായി ഗവർമ്മെണ്ടിലേക്കു വസൂലായിട്ടുണ്ടു്.

MOTOR OFFENCES—NATURE OF PUNISHMENTS AWARDED

227. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) യാത്രക്കാരെ കൂട്ടത്തിൽ കയറ്റി എന്ന കുറ്റത്തിനും, വാഹനം വേഗത്തിൽ ഓടിച്ചു എന്ന കുറ്റത്തിനും എത്ര ശിക്ഷകൾ വീതം മോട്ടോർവണ്ടികൾക്കു് ഇപ്പോൾ കൊടുത്തുവരുന്നുണ്ടു്;

(ബി) മോട്ടോർവണ്ടികളുടെ കാര്യത്തിൽ ഒരു കുറ്റത്തിനു് മൂന്നു ശിക്ഷ വീതം ഇപ്പോൾ കൊടുത്തുവരുന്നില്ലേ;

(സി) ഈ സമ്പ്രദായം നടപ്പാക്കിയതു എന്നുമുതൽക്കാണു്;

(ഡി) ഈ സമ്പ്രദായം മറ്റു വല്ല രാജ്യങ്ങളിലും നടപ്പുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ;

(ഇ) ആരുടെ നിർദ്ദേശപ്രകാരമാണു് ഈവക വ്യവസ്ഥകൾ ഏർപ്പെടുത്തിയതു്?

റാവു ബഹദൂർ എം. നാരായണമേനോൻ: (എ) ചിലപ്പോൾ ഡിപ്പാർട്ടുമെണ്ടു വകയായും, ചിലപ്പോൾ കോടതി മുഖേനയും, ചിലപ്പോൾ രണ്ടും കൊടുക്കാറുണ്ടു്.

(ബി) ഇല്ല.

(സി) & (ഡി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly